(സി) 61 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) വനസംരക്ഷണ നിയമം, ദേശീയ വനനിയമം എന്നിവ പ്രകാരം വനം കയ്യേറ്റക്കാർക്കെതിരെ കേസ് എടുക്കുന്നുണ്ട്. കൂടാതെ റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ ഒഴിപ്പിക്കുന്നുണ്ട്.

ഇടുക്കി ജില്ലയിലെ ചന്ദനമരം കള്ളക്കടത്ത്

91 [273] *ശ്രീ. ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മന്ത്രിമാരാണ് ഇടുക്കി ജില്ലയിലെ ചന്ദനമരം കള്ളക്കടത്ത് നടക്കുന്ന സ്ഥലങ്ങളും കഞ്ചാവ് കൃഷി നടക്കുന്ന സ്ഥലങ്ങളും പരിശോധിച്ചത്;

(ബി) ഈ പരിശോധനകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(സി) ഇടുക്കിയിൽ നിന്നും ഇപ്പോഴും ചന്ദനമരങ്ങൾ കടത്തിക്കൊണ്ട് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിൽ പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികളുടെ ഉടമസ്ഥൻമാർ ആരെല്ലാമാണ്;

(ഇ) അനധികൃതമായി കടത്തിക്കൊണ്ടു വരുന്ന ചന്ദനമരങ്ങൾ കേരളത്തിലെ ചന്ദന ഫാക്ടറികളിൽ പ്രോസസ്സിംഗ് നടത്തുന്ന സാഹചര്യത്തിൽ ഇവ പൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) ചന്ദന കള്ളക്കടത്ത് തടയുന്നതിനും കഞ്ചാവ്വേട്ട നടത്തുന്നതിനുമായി എന്തു തുക സർക്കാർ ചെലവഴിച്ചു; ഇതിൽ മന്ത്രിമാരുടേയും സർക്കാർ ഉദ്യോഗസ്ഥൻമാരുടേയും ടി. എ., ഡി. എ. ഇനത്തിൽ എന്ത് തുക ചെലവായി?

ഉത്തരം

(എ) - (ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ പ്രവർത്തിച്ചിരുന്ന ചന്ദന ഫാക്ടറി ഉടമകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

(ഇ) കേരളത്തിൽ അനധികൃതമായി പ്രവർത്തിച്ചുവന്നിരുന്ന 23 ചന്ദന ഫാക്ടറികൾ സ. ഉ. (എം.എസ്സ്.) 17/2005/വനം തീയതി 9-2-2005 എന്ന ഉത്തരവ് പ്രകാരം പൂട്ടിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ ചന്ദന ഫാക്ടറികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി

92 [274] *ശ്രീ. കെ. പി. മോഹനൻ :*

„ *എ. സി. ഷൺമുഖദാസ് :*

„ *സി. കെ. നാണു :*

ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം എത്ര ഏക്കർ ഭൂമി സർക്കാരിൽ നിക്ഷിപ്തമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തി നിയമം പാസ്സാക്കിയതിന്റെ ഫലമായി അതിൽ എത്ര ഏക്കർ ഭൂമി തിരിച്ച് നൽകേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 27272.43 ഏക്കർ (11037 ഹെക്ടർ) ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്.

(ബി) ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തി നിയമം പാസ്സാക്കിയതിന്റെ ഫലമായി നിക്ഷിപ്തമാക്കിയ ഭൂമി ഒന്നും തന്നെ ഇതുവരെ തിരികെ നൽകിയിട്ടില്ല.

(സി) 'ബി' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly